I ഇ.ബി. XIII – കേരള നിയമസഭ/II-2

**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2011 സെപ്റ്റംബർ 27, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**തിരുത്തിയ ഉത്തരം**

**01-07-2010-ലെ നക്ഷത്രചിഹ്നമിടാത്ത 823-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം**

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 2010 ജൂലായ് 1-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 823-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം വനവും സ്പോർട്ട്സും സിനിമയും വകുപ്പു മന്ത്രി മേശപ്പുറത്തുവച്ചു.

**അനുശോചനം**

**വാഹനാപകടം**

മി. സ്പീക്കർ : 26-09-2011-ന് തിരുവനന്തപുരത്ത് ചാന്നാങ്കരയിൽ സ്കൂൾ വാൻ പാർവ്വതീപുത്തനാറിലേക്ക് മറിഞ്ഞുണ്ടായ ദാരുണമായ അപകടത്തിൽ നാല് കുട്ടികൾ മരണപ്പെടുകയുണ്ടായി. ദുരന്തത്തിൽ

മരണമടഞ്ഞവരുടെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തുന്നതോടൊപ്പം അടിക്കടിയുണ്ടാകുന്ന ഇത്തരം വേദനാജനകമായ വാഹനാപകടങ്ങൾ ശാശ്വതമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ഓർമ്മിപ്പിക്കുന്നതോടൊപ്പം ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനാവശ്യമായ മുൻകരുതൽകൂടി സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

**അടിയന്തരപ്രമേയം**

**പകർച്ചവ്യാധികൾ**

മി. സ്പീക്കർ : എലിപ്പനി, മഞ്ഞപ്പിത്തം, ഡങ്കിപ്പനി തുടങ്ങിയ മാരകരോഗങ്ങൾ സംസ്ഥാനത്താകെ പടർന്നുപിടിക്കുകയും മുന്നൂറോളം പേർ മരണപ്പെടുകയും പതിനായിരത്തിലധികമാളുകൾ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. ടി. എം. തോമസ് ഐസക്, സർവ്വശ്രീ വി. എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സംസ്ഥാനത്ത് എലിപ്പനി, മഞ്ഞപ്പിത്തം, കോളറ, ഡങ്കിപ്പനി തുടങ്ങിയ രോഗങ്ങൾ ബാധിച്ച് 2011 ജനുവരി മുതൽ സെപ്റ്റംബർ 27 വരെയുള്ള കാലയളവിൽ 179-ഓളം ആളുകൾ മരണപ്പെട്ടിട്ടുണ്ട്. ഡി.എം.ഒ.മാരുടെ

നേതൃത്വത്തിൽ രോഗങ്ങൾ നേരിടാനാവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, എറണാകുളം, കോട്ടയം ജില്ലകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എപ്പിഡമിക് കൺട്രോൾ സെൽ തുറക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ആശുപത്രികളിലും പകർച്ചവ്യാധികൾ നേരിടുന്നതിനുള്ള മരുന്നുകൾ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും സർക്കാർ മെഡിക്കൽ കോളേജുകളിലേയും പ്രൈവറ്റ് മെഡിക്കൽ കോളേജുകളിലേയും കമ്മ്യൂണിറ്റി മെഡിസിനിൽ ഡോക്ടർമാരുടെ പാനൽ ഉണ്ടാക്കി പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജെ.പി.എച്ച്., ജെ.എച്ച്.ഐ., ആശാവർക്കേഴ്സ് എന്നിവരുടെ നേതൃത്വത്തിൽ വീടുകൾ കേന്ദ്രീകരിച്ച് വിവരങ്ങൾ ശേഖരിക്കാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഒരു പരിധി വരെ രോഗങ്ങൾ നിയന്ത്രണവിധേയമാക്കാൻ ആരോഗ്യ വകുപ്പിന് സാധിച്ചിട്ടുണ്ട്.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : അതീവഗുരുതരമായ ആരോഗ്യ പ്രതിസന്ധിയെ ഗവൺമെന്റ് ലാഘവത്തോടെയാണ് കാണുന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ആലപ്പുഴ ജില്ലയിലെ ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചൂണ്ടിക്കാണിച്ചപ്പോൾ പ്രശ്നം പരിഹരിക്കുമെന്ന് സഭയ്ക്ക് നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ല. പകർച്ചവ്യാധികളാൽ സംസ്ഥാനത്ത് മരണസംഖ്യ വർദ്ധിക്കുന്നത് തടയാൻ ഗവൺമെന്റ് ബാധ്യസ്ഥമാണ്. സ്റ്റേറ്റ് ഡിസീസ് കൺട്രോൾ ആന്റ് മോണിറ്ററിംഗ് സെല്ലിന്റേയും മോണിറ്ററിംഗ് സർവ്വെയ്ലൻസിന്റെയും പ്രവർത്തനം ഫലപ്രദമല്ല. കോഴിക്കോട് ജില്ലയിൽ വിവിധയിനത്തിലുള്ള പനി ബാധിച്ച് 60000 പേർ ആശുപത്രിയിൽ ചികിത്സ തേടിയെത്തിയതിൽ

എലിപ്പനിയാണെന്ന് സംശയിക്കുന്ന 255 കേസുകളിൽ 51 പേരുടെ മരണമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. സ്റ്റേറ്റ് ഡിസീസ് കൺട്രോൾ ആന്റ് മോണിറ്ററിംഗ് സെല്ലിന്റെ കണക്ക് പരിശോധിച്ചാൽ കഴിഞ്ഞ അഞ്ച് വർഷത്തെ അപേക്ഷിച്ച് ഈ വർഷം മരണസംഖ്യ വർദ്ധിച്ചിരിക്കുന്നതായി കാണാൻ സാധിക്കും. ചികിൽസ തേടിയെത്തുന്നവർക്കാവശ്യമായ മരുന്നുകളോ രോഗനിർണ്ണയം നടത്താനുള്ള കിറ്റുകളോ ലഭ്യമല്ല. ഇൻഷ്വറൻസ് കമ്പനികൾക്ക് കൊടുക്കാനുള്ളതിന്റെ പകുതി തുക പോലും കൊടുക്കാൻ ഗവൺമെന്റിന് സാധിക്കാത്തതിനാൽ ഇൻഷ്വറൻസ് പരിരക്ഷയും രോഗികൾക്ക് ലഭിക്കുന്നില്ല. ആലപ്പുഴയിലും കോഴിക്കോട്ടും ആവശ്യത്തിന് ഡോക്ടർമാരില്ല. അനധികൃതമായി ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും അതുണ്ടായിട്ടില്ല. രോഗപ്രതിരോധത്തിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. ആരോഗ്യ വകുപ്പിന്റെ നിരുത്തരവാദപരമായിട്ടുള്ള പ്രവർത്തനത്തെക്കുറിച്ച് സഭ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സംസ്ഥാനത്ത് പടർന്നുപിടിക്കുന്ന മാരകരോഗങ്ങൾ തടയുന്നതിന് ഇതിനകംതന്നെ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ പകർച്ചവ്യാധി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആലപ്പുഴ മെഡിക്കൽ കോളേജ് സന്ദർശിച്ച് ഡോക്ടർമാരടക്കമുള്ള ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയുണ്ടായി. പിന്നീട് കളക്ടറേറ്റിൽ പ്രത്യേക യോഗം വിളിച്ചുചേർത്ത് അവിടെ ചെയ്യേണ്ട ക്രമീകരണങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ആലപ്പുഴ ജില്ലയ്ക്കുവേണ്ടി തയ്യാറാക്കിയ പ്രത്യേക ആരോഗ്യ പദ്ധതിക്ക് പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇതേ മാതൃകയിൽ മറ്റെല്ലാ ജില്ലകളിലും ആരോഗ്യ സുരക്ഷിതത്വത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും. എലിപ്പനി, മഞ്ഞപ്പിത്തം, കോളറ, ഡെങ്കിപ്പനി തുടങ്ങിയ രോഗങ്ങളെ നേരിടുന്നതിനാവശ്യമായ മരുന്നുകളും ക്രമീകരണങ്ങളും എല്ലാ ആശുപത്രികളിലും ഒരുക്കിയിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷക്കാലം നടത്തിയ ക്രമീകരണങ്ങളുടെ കൂടി അടിസ്ഥാനത്തിൽ സാംക്രമിക രോഗങ്ങളുടെ തോത് കുറച്ചുകൊണ്ടു വരാൻ സാധിച്ചിട്ടുണ്ട്. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ തുടങ്ങിയ ഫീൽഡ് സ്റ്റാഫിന്റേയും ഡോക്ടർമാരുടേയും സമരം അവസാനിപ്പിക്കുന്നതിന് ഈ ഗവൺമെന്റാണ് നടപടി സ്വീകരിച്ചത്. രോഗങ്ങൾ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ മനസ്സിലാക്കി മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിൽ ഫീൽഡ് സ്റ്റാഫിന്റെ സമരം കാരണമായിട്ടുണ്ട്. സാംക്രമിക രോഗങ്ങളെ തടയുന്നതിനും ജനങ്ങളോടുള്ള ഉത്തരവാദിത്തം നിറവേറ്റുന്നതിനും ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒറ്റക്കെട്ടായി പ്രവർത്തിക്കണം. ഈ വിഷയം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ആരോഗ്യ വകുപ്പ് രോഗബാധ തടയുന്നതിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്തുകയും ആവശ്യാനുസരണം മരുന്നുകൾ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. സ്ഥിതിഗതികൾ നിയന്ത്രണാധീനമാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> ഞായറാഴ്ച ആരോഗ്യ വകുപ്പു മന്ത്രിയേയും സ്ഥലത്തുണ്ടായിരുന്ന മറ്റ് മന്ത്രിമാരേയും ഡി.എം.ഇ., ഡി.എച്ച്.എസ്. അടക്കമുള്ള ഉദ്യോഗസ്ഥരെയും വിളിച്ച് അതുവരെയുള്ള

കാര്യങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തുകയും ഡോക്ടർമാരുടെ ഷോർട്ടേജ് ദിവസങ്ങൾക്കുള്ളിൽ നികത്താൻ സാധിക്കത്തക്കവിധത്തിൽ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയുള്ള പൂർണ്ണമായ അധികാരം ഡി.എം.ഒ.-മാർക്ക് കൊടുത്തിട്ടുണ്ട്. പി.എസ്.സി. അനുവദിക്കുമെങ്കിൽ ലിസ്റ്റിലുള്ള എല്ലാവരേയും കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രതിപക്ഷാംഗങ്ങൾക്ക് പുതിയ നിർദ്ദേശങ്ങളുണ്ടെങ്കിൽ അതും സ്വീകരിക്കാൻ തയ്യാറാണ്. മരുന്നിന്റെ ഷോർട്ടേജില്ലെന്നാണ് ആരോഗ്യവകുപ്പിലുള്ള ഉദ്യോഗസ്ഥർ ആവർത്തിച്ച് അറിയിച്ചിട്ടുള്ളത്. എം.എൽ.എ.മാർ അവരുടെ നിയോജകമണ്ഡലത്തിലുള്ള ഏതെങ്കിലും ആശുപത്രികളിൽ മരുന്നില്ലെന്ന് എഴുതിത്തന്നാൽ ഉടൻതന്നെ ലോക്കൽ പർച്ചേസ് നടത്താനുള്ള അനുമതി കൊടുക്കുന്നതാണ്. മരുന്നുണ്ടെന്ന് ഗവൺമെന്റിനെ തെറ്റിദ്ധരിപ്പിച്ച ഉദ്യോഗസ്ഥരോട് ഇന്നുതന്നെ വിശദീകരണം ആവശ്യപ്പെടുന്നതാണ്. എല്ലാവരുടേയും സഹകരണം ഇക്കാര്യത്തിൽ ആവശ്യമാണ്. പുറത്തുനിന്ന് മരുന്നുവാങ്ങാൻ ഡോക്ടർമാർ പ്രിസ്ക്രിപ്ഷൻ കൊടുത്തിട്ടുണ്ടെങ്കിൽ അതിന്റെ തുക സർക്കാർ നൽകും. പകർച്ചവ്യാധിമൂലം മരണപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : ലോകോത്തര നിലവാരവും ഭൗതിക സൗകര്യങ്ങളുമുള്ള 15 ഐ.ഐ.ടി.കളാണ് ഇൻഡ്യയിലുള്ളത്. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വിദഗ്ദ്ധരുടെ സേവനം കൂടുതൽ ലഭ്യമാക്കേണ്ടതിനാൽ ഇത്തരത്തിലുള്ള 5 ഐ.ഐ.ടി..കൾ കൂടി ആരംഭിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചതിൽ ഒരെണ്ണം കേരളത്തിന് അനുവദിക്കാമെന്ന് ഉറപ്പ് നൽകിയ സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനം മലപ്പുറം ജില്ലയിൽ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : വിദ്യാഭ്യാസ രംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിൽ ഒരു ഐ.ഐ.ടി സ്ഥാപിക്കുക എന്നത് കേരളത്തിന്റെ ഒരു ചിരകാല അഭിലാഷമാണ്. കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിന് കേന്ദ്രത്തിൽ പോയ മന്ത്രിമാരുടെ സംഘത്തിന്റെ മുഖ്യമായ ആവശ്യം ഐ.ഐ.ടി.ആയിരുന്നു. പ്രധാനമന്ത്രിയും കേന്ദ്ര മാനവ വിഭവശേഷി വകുപ്പു മന്ത്രിയും സ്ഥലത്ത് ഇല്ലാതിരുന്നതിനാൽ ഒരു തീരുമാനത്തിൽ എത്താൻ കഴിഞ്ഞിട്ടില്ലെങ്കിലും കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രി, മറ്റ് മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്തിയതിന്റെ ഫലമായി 12-ാം പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിന് ഐ.ഐ.ടി. അനുവദിച്ചു തരാമെന്ന് ഉറപ്പ് തന്നിട്ടുണ്ട്. പ്രധാനമന്ത്രിയും കേന്ദ്ര മാനവ വിഭവശേഷി വകുപ്പു മന്ത്രിയും വന്നതിനുശേഷം ഇക്കാര്യത്തിൽ കൂടുതൽ വ്യക്തമായ തീരുമാനം ഉണ്ടാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പാലക്കാട് ജില്ലയിൽ ഐ.ഐ.ടി. സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം ഐഡന്റിഫൈ ചെയ്തുകഴിഞ്ഞു. എത്രയും വേഗം ഐ.ഐ.ടി.

സ്ഥാപിക്കുന്നതിന് ഗവൺമെന്റ് വേണ്ടതെല്ലാം ചെയ്യുന്നതാണ്. അതിൽ തർക്കം ഉണ്ടാകാതിരിക്കാൻ എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

(2) <u>അഴീക്കോട്-മുനക്കൽ അഴിമുഖത്ത് ഡ്രഡ്ജിംഗ് നടത്തേണ്ടതിന്റെയും റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെയും ആവശ്യകത</u>

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : അഴീക്കോട് - മുനക്കൽ അഴിമുഖത്ത് രൂപപ്പെട്ടുവരുന്ന മണൽത്തിട്ട മൽസ്യത്തൊഴിലളികൾക്ക് ഭീഷണിയായി മാറുകയും മൽസ്യബന്ധനത്തെ ഇത് സാരമായി ബാധിക്കുകയും ചെയ്യുന്നതിനാൽ മൽസ്യത്തൊഴിലാളികൾ സമര രംഗത്താണ്. അവിടെ രൂപപ്പെട്ടിരിക്കുന്ന മണൽത്തിട്ട മാറ്റിയാലും വീണ്ടും രൂപപ്പെടാൻ സാധ്യതയുള്ളതുകൊണ്ട് നിലവിലുള്ള പുലിമുട്ടുകളുടെ നീളം 500 മീറ്ററെങ്കിലും പടിഞ്ഞാറോട്ട് നീട്ടേണ്ടതുണ്ട്. ഫിഷറീസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് അവിടെ ഒരു റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കാനും ഒരു ടഗ്ഗ് ബോട്ട് സ്ഥിരമായി ഏർപ്പെടുത്താനുമുള്ള സംവിധാനമുണ്ടാകണം. പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ ഫണ്ട് ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻചാണ്ടി</u>): പതിനായിരത്തിലധികം മത്സ്യത്തൊഴിലാളികളും അനുബന്ധത്തൊഴിലാളികളും പണിയെടുക്കുന്ന അഴീക്കോട്-മുനക്കൽ അഴിമുഖത്ത് അടിഞ്ഞുകൂടിയിട്ടുള്ള മണ്ണ് നീക്കം ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. അവിടെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ എൺപതോളം ഇൻബോർഡ് എഞ്ചിൻ ഘടിപ്പിച്ച വലിയ വള്ളങ്ങളും 270 ചെറിയ വള്ളങ്ങളും അഞ്ഞൂറോളം മത്സ്യബന്ധന ബോട്ടുകളും പ്രവർത്തിക്കുന്നത് കണക്കിലെടുത്ത് അപകടങ്ങൾ

ഒഴിവാക്കാനും അപകടങ്ങൾ ഉണ്ടായാൽ യഥാസമയം രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. രക്ഷാപ്രവർത്തനത്തിന് സഹായമാകുന്നവിധത്തിൽ ഫിഷറീസ് സ്റ്റേഷനും മറൈൻ എൻഫോഴ്സ്മെന്റ് വിംഗും സ്ഥാപിക്കും. നിരോധിച്ച വല ഉപയോഗിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് കർശന നിയമനടപടികൾ സ്വീകരിക്കുകയും പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകകൊള്ളിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): പുലിമുട്ട് നീട്ടുന്നതിനെ സംബന്ധിച്ച് സ്റ്റഡി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ ഒരു ഉന്നതതല യോഗം വിളിച്ചുകൂട്ടി എല്ലാ മുൻകരുതൽ നടപടികളും സ്വീകരിക്കുകയും സർവ്വേ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. മണൽത്തിട്ട മാറ്റുന്നതിനായി ആർ.കെ.വി.വൈ.-യിൽനിന്നും ഒരുകോടി രൂപ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## സബ്മിഷൻ

### (1) ആസിയയുടെ കൊലപാതകം

ശ്രീ. കെ. രാധാകൃഷ്ണൻ: ചേലക്കര നിയോജകമണ്ഡലത്തിലെ ദേശമംഗലം വറവട്ടൂർ പ്രദേശത്ത് പാറമ്പിൽവീട്ടിൽ ശ്രീ. ഹസ്സൻകുട്ടിയുടെ മകൾ ആസിയയുടെ കൊലപാതകത്തിനുത്തരവാദികളായവരെ കണ്ടെത്തുന്നതിനായി ഉന്നത പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ച് അന്വേഷണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ഐ.ജി.യും പോലീസ് സൂപ്രണ്ടും അടക്കമുള്ള ഉദ്യോഗസ്ഥർ സംഭവസ്ഥലം സന്ദർശിക്കുകയും മറ്റ് തെളിവുകൾ ലഭിക്കാത്തസാഹചര്യത്തിൽ സയന്റിഫിക് അസിസ്റ്റന്റ്, വിരലടയാള വിദഗ്ദ്ധർ, ഡോഗ് സ്ക്വാഡ് തുടങ്ങിയവരുടെയെല്ലാം സേവനം പ്രയോജനപ്പെടുത്തി ഏറ്റവും ശാസ്ത്രീയമായ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയുമാണ്. ഈ കേസ് അന്വേഷണത്തിന് പ്രത്യേക സംവിധാനം വേണമെന്ന ആവശ്യം പരിഗണിച്ച് പ്രസ്തുത കേസ് ക്രൈംബ്രാഞ്ചിനെ ഏല്പിക്കാൻ നിർദ്ദേശം നൽകുകയും പ്രതികളെ എത്രയുംവേഗം നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

## (2) സിറ്റി റേഷനിംഗ് ഓഫീസ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: കേരളത്തിലെ മറ്റെല്ലാ കോർപ്പറേഷനുകളിലും ഉള്ളതുപോലെ തൃശ്ശൂരിലും ഒരു സിറ്റി റേഷനിംഗ് ഓഫീസ് ആരംഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കോർപ്പറേഷനുകളിൽ രണ്ട് സിറ്റി റേഷനിംഗ് ഓഫീസുകൾവീതം നിലവിലുണ്ട്. കൊല്ലം, തൃശ്ശൂർ കോർപ്പറേഷനുകളുടെ ജനസാന്ദ്രതയും റേഷൻകടകളുടെ എണ്ണവും കണക്കിലെടുത്ത് സിറ്റി റേഷനിംഗ് ഓഫീസുകൾ എത്രയും വേഗം ആരംഭിക്കുന്നതാണ്.

### (3) <u>തലശ്ശേരി അന്തമാൻ ഇൻഡസ്ട്രീസ് ഏറ്റെടുക്കൽ</u>

<u>ശ്രീ. കോടിയേരി ബാലകൃഷണൻ:</u> ആറുമാസത്തിലധികമായി പൂട്ടിയിട്ടിരിക്കുന്ന തലശ്ശേരി അന്തമാൻ ടിമ്പർ ഇൻഡസ്ട്രീസിലെ തൊഴിലാളി കൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിനും സമാശ്വാസ പദ്ധതി പ്രഖ്യാപിക്കുന്നതിനും ഫാക്ടറി താൽക്കാലികമായി ഗവൺമെന്റ് ഏറ്റെടുത്ത് നടത്തുന്നതിനും സത്വര നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി <u>(ശ്രി. പി.കെ. കുഞ്ഞാലിക്കുട്ടി):</u> തലശ്ശേരി അന്തമാൻ ഇൻഡസ്ട്രീസ് മാനേജ്മെന്റുമായി സർക്കാർ ചർച്ച നടത്തുന്നതാണ്. ചർച്ച പ്രായോഗിക മായില്ലെങ്കിൽ തൊഴിലാളി നേതാക്കൻമാരും പ്രതിപക്ഷ നേതാവുമുൾപ്പടെ യുള്ളവരുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

### (4) <u>സുകുമാരൻ നായർ കമ്മിറ്റി റിപ്പോർട്ട്</u>

<u>ശ്രീ. കെ.വി. വിജയദാസ്</u>: പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലെ ഫാക്ടറികൾ പുറംതള്ളുന്ന മാലിന്യങ്ങൾ ഉണ്ടാക്കുന്ന പ്രശ്നത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ശ്രീ. സുകുമാരൻ നായർ കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി <u>(ശ്രി. പി.കെ. കുഞ്ഞാലിക്കുട്ടി):</u> ശ്രീ. സുകുമാരൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്ന താണ്.

### (5) കെട്ടിട വാടക ലഭ്യമാക്കാൻ നടപടി

ശ്രീ. കെ. ശിവദാസൻ നായർ: പത്തനംതിട്ടയിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സബ്സെന്റർ കെട്ടിടത്തിന്റെ വാടക ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സി-ആപ്റ്റ് സബ്-സെന്ററുകൾ സർക്കാർ വക കെട്ടിടങ്ങളിലേക്ക് മാറ്റുകയും വാടകയായി നൽകാനുള്ള ഒരു കോടിയിലധികം രൂപ കൊടുത്തു തീർക്കുന്നതിനായി അദാലത്തുനടത്തി മൊത്തം തുകയിൽ 30 ശതമാനം ഇളവു ചെയ്ത തുക ഒഴിച്ച് 50 ശതമാനം വിതരണം ചെയ്യുന്നതിന് കെട്ടിടം ഉടമകളുമായി ധാരണയായതനുസരിച്ച് കുറച്ചുപേർക്ക് വാടക വിതരണം ചെയ്തിട്ടുണ്ട്. മറ്റുള്ളവർക്കും കൂടി നൽകുന്നതിന് സി-ആപ്റ്റിന്റെ അടുത്ത ഭരണസമിതി യോഗത്തിൽ ചർച്ചചെയ്ത് തീരുമാനമെടുക്കുന്നതാണ്.

### (6) വിദ്യാഭ്യാസ ജില്ല ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എൻ. ഷംസുദ്ദീൻ : പാലക്കാട് വിദ്യാഭ്യാസ ജില്ല വിഭജിച്ച് മണ്ണാർക്കാട് ആസ്ഥാനമാക്കി പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): പാലക്കാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ഓഫീസുകളുടേയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് മണ്ണാർക്കാട് കേന്ദ്രമാക്കി ഒരു പുതിയ ജില്ലാ വിദ്യാഭ്യാസ ഓഫീസ് രൂപീകരിക്കണമെന്ന ആവശ്യം പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പുതിയ ജില്ലാ വിദ്യാഭ്യാസ ഓഫീസ് ആരംഭിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ,

പി.എ., സീനിയർ സൂപ്രണ്ട് എന്നീ മൂന്ന് തസ്തികകൾ സൃഷ്ടിക്കേണ്ടതായി ട്ടുണ്ട്. ബാക്കിയുള്ള സ്റ്റാഫിനെ ഡിപ്ലോയ്മെന്റിലൂടെ കൊണ്ടുവരാൻ കഴിയുന്നതാണ്. പുതിയ ജില്ലാ വിദ്യാഭ്യാസ ഓഫീസ് രൂപീകരിക്കണമെന്ന ആവശ്യം സർക്കാർ സജീവമായി പരിഗണിക്കുന്നതാണ്.

### (7) <u>മലയാള സിനിമാ വ്യവസായം നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. ടി.എൻ. പ്രതാപൻ</u> : മലയാള സിനിമാ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ ടാക്സ് ഇളവ് നൽകുന്നതിനും കെ.എസ്.എഫ്. ഡി.സി.യുടെ കീഴിൽ നിലവാരമുള്ള തിയേറ്ററുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ.കെ.ബി. ഗണേഷ് കുമാർ)</u> : സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി ആന്റി പൈറസി സെൽ രൂപീകരിച്ച് ഈ മാസം മുതൽ പ്രവർത്തനമാരംഭിക്കുന്ന താണ്. കേരളത്തിലെ തിയേറ്ററുകളിൽ വൈഡ് റിലീസിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് തിയേറ്ററുകളെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് ഹയർ ക്ലാസിഫിക്കേഷനിൽ വരുന്ന തിയേറ്ററുകൾക്ക് മാത്രമായി റിലീസിംഗ് അനുവാദം നൽകുന്നതാണ്. നികുതി വെട്ടിപ്പ് തടയുന്നതിനായി എല്ലാ തിയേറ്ററുകളിലും ടിക്കറ്റ് മെഷീൻ ഏർപ്പെടുത്തി ബാർ കോഡിംഗ് ടിക്കറ്റുകൾ ലഭ്യമാക്കി ഓരോ ഷോയുടെയും കൃത്യമായ കണക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ടാക്സ് കളക്ട് ചെയ്യുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. തിയേറ്ററുകൾക്ക് ടാക്സ് ഏകീകരിക്കുന്ന കാര്യവും സബ്സിഡി വർദ്ധിപ്പിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്. ആധുനിക സൗകര്യങ്ങളോടുകൂടിയതും ചെലവു കുറഞ്ഞതും സോളാർ എനർജി മൂലം പ്രവർത്തിക്കുന്നതുമായ മാതൃകാ

തിയേറ്ററിന്റെ നിർമ്മാണ പ്രവർത്തനം ആറ് മാസത്തിനകം ആലപ്പുഴയിൽ പൂർത്തിയാക്കുന്നതാണ്. മുനിസിപ്പാലിറ്റിയിൽനിന്നും ലീസിന് ലഭിക്കുന്ന സ്ഥലങ്ങളിൽ കെ.എസ്.എഫ്.ഡി.സി. അത്യന്താധുനിക തിയേറ്ററുകൾ തുടങ്ങുന്നതും തലസ്ഥാനത്തെ കലാഭവൻ, കൈരളി തുടങ്ങിയ തിയേറ്ററുകൾ നവീകരിക്കുന്നതുമാണ്. സിനിമാ വ്യവസായത്തെ രക്ഷിക്കുന്നതിന് സാധ്യമായ എല്ലാ കാര്യങ്ങളും സർക്കാർ ചെയ്യുന്നതാണ്.

### (8) അപ്രോച്ച് റോഡിന്റെ നിർമ്മാണം

ശ്രീ. ടി.വി. രാജേഷ് : കണ്ണൂർ ജില്ലയിലെ സുൽത്താൻതോട് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : കണ്ണൂർ ജില്ലയിലെ സുൽത്താൻതോട് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണിക്കായി ലഭിച്ച ടെണ്ടർ അംഗീകരിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. തീരുമാനമായില്ലെങ്കിൽ റീ-ടെണ്ടർ വിളിക്കുന്നതാണ്.

### (9) ക്ഷീരോല്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി.പി. സജീന്ദ്രൻ : ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എൽ.ഡി.ബോർഡ്, ക്ഷീരവികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ ഉടമസ്ഥതയിലുള്ള ഫാമുകളിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പാലുൽപ്പാദനം കൂടുതലുള്ള ജനുസ്സുകളിൽപ്പെട്ടതും സംസ്ഥാനത്തിന്റെ കാലാവസ്ഥയ്ക്കനുയോജ്യമായതുമായ കന്നുകുട്ടികളെ കർഷകർക്ക് നൽകാനുള്ള പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : അത്യുല്പാദന ശേഷിയുള്ള പശുക്കുട്ടികളെ

വിതരണം നടത്തുകയും ക്ഷീരകർഷകർക്ക് ആധുനിക സാങ്കേതികവിദ്യ ലഭ്യമാക്കുകയും ചെയ്തുകൊണ്ട് കെ.എൽ.ഡി. ബോർഡ് 4 ഹൈടെക് ഫാമുകളും കുളത്തൂപ്പുഴയിൽ ഒരു സാറ്റലൈറ്റ് ഫാമും ആരംഭിച്ചിട്ടുണ്ട്. കോലാഹലമേട്ടിലും മാട്ടുപ്പെട്ടിയിലും ലൈവ്സ്റ്റോക്ക് ഫാമുകൾ ആരംഭിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. ഭാരതത്തിന്റെ തനത് ജനുസ്സുകളായ ഗീർ, റാത്തി, കാൺക്രേജ്, താർപാർക്കർ എന്നിവയും കേരളത്തിന്റെ തനത് ജനുസ്സുകളായ വെച്ചൂർ, കാസർഗോഡ് ഡാർഫ് എന്നിവയും കൂടുതൽ ഉല്പാദിപ്പിക്കാനുള്ള നടപടികളുടെ ഭാഗമായി ഇവയെ പരിപാലിക്കുന്നതിനുവേണ്ടിയുള്ള ഫാം തൃശ്ശൂർ ജില്ല യിലെ പുത്തൂരിൽ ആരംഭിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെയും കേരള കന്നുകാലി വികസന ബോർഡിന്റെയും ഉടമസ്ഥതയിലുള്ള ഫാമുകളിൽ കൂടുതൽ ഉല്പാദന ശേഷിയുള്ള കന്നുകുട്ടികളെ വളർത്തി കർഷകർക്ക് വിതരണം ചെയ്യാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

### (10) ഗതാഗത പ്രശ്നം പരിഹരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. ദാസൻ : കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ രൂക്ഷമായ യാത്രാപ്രശ്നം പരിഹരിക്കുന്നതിനായി കൊയിലാണ്ടിയിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ അനുവദിക്കാനും കൊയിലാണ്ടിയിൽനിന്നും വിവിധ സ്ഥലങ്ങളിലേക്ക് ചെയിൻ സർവ്വീസ് ആരംഭിക്കാനും നടപടി സ്വീകരിക്കണം.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : കൊയിലാണ്ടിയിൽനിന്നും വിവിധ സ്ഥലങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. ഇപ്പോൾ 56 സർവ്വീസുകൾ നടത്തുന്നുണ്ട്. കോഴിക്കോട്-കണ്ണൂർ ചെയിൻ സർവ്വീസായി 30 ഷെഡ്യൂളുകളും താമരശ്ശേരി-കൊയിലാണ്ടി ചെയിൻ

സർവ്വീസായി 6 ഷെഡ്യൂളുകളും നിലവിലുണ്ട്. ബസ്സുകളും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് കൊയിലാണ്ടി-പെരിന്തൽമണ്ണ ചെയിൻ സർവ്വീസും കൊയിലാണ്ടിയിൽനിന്ന് വിവിധ സ്ഥലങ്ങളിലേക്കുള്ള ചെയിൻ സർവ്വീസും പരിഗണിക്കുന്നതാണ്. കൊയിലാണ്ടിയിൽ ഒരു ഡിപ്പോ ആരംഭിക്കാനുള്ള സ്ഥലവും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കിയാലും ഓപ്പറേറ്റിംഗ് സെന്ററിന്റെ തുടർപ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത ഏറ്റെടുക്കാൻ കഴിയാത്തതിനാൽ കൊയിലാണ്ടി ഡിപ്പോ വേണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റൂളിംഗ്**

**ഡിലേ സ്റ്റേറ്റ്മെന്റ്**

നിയമസഭാ ചട്ടം 47(2) 2010 ഏപ്രിൽ 8 മുതൽ പ്രാബല്യത്തിലുണ്ട്. പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ചോദിച്ച ചോദ്യങ്ങൾക്ക് മറുപടി നൽകാതിരിക്കുകയോ ഇടക്കാല മറുപടി നല്കിയശേഷം പൂർണ്ണമായ മറുപടി ഇതിനകം നൽകിയിട്ടില്ലെങ്കിൽ ഡിലേ സ്റ്റേറ്റ്മെന്റ് ഈ സമ്മേളനത്തിന്റെ തുടക്കത്തിൽത്തന്നെ ബഹുമാന പ്പെട്ട മന്ത്രിമാർ വയ്ക്കേണ്ടതായിരുന്നു. ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് എല്ലാ മന്ത്രിമാർക്കും ചീഫ് സെക്രട്ടറിക്കും നിയമസഭാ സെക്രട്ടേറിയ റ്റിൽനിന്നും 18-08-2011-ന് കത്തുകൾ അയച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ മൂന്ന് മന്ത്രിമാർ മാത്രമാണ് പ്രസ്തുത ഡിലേ സ്റ്റേറ്റ്മെന്റ് സഭയുടെ മേശപ്പുറത്ത് വയ്ക്കുവാൻ നൽകിയിട്ടുള്ളത്. കഴിഞ്ഞ

സമ്മേളനത്തിൽ മറുപടി നൽകാതിരിക്കുകയോ ഇടക്കാല മറുപടി നൽകുകയോ ചെയ്ത ചോദ്യങ്ങൾക്കുള്ള മറുപടി അടിയന്തിരമായി നൽകണമെന്നും ഏതെങ്കിലും കാരണവശാൽ പ്രസ്തുത മറുപടി നൽകുവാൻ സാധിക്കാത്ത സാഹചര്യത്തിൽ അതിനുള്ള കാരണം കാണിക്കുന്ന ചട്ടം 47(2) അനുസരിച്ചുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട മന്ത്രിമാർ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

## ധനകാര്യം

### 2011-12 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

### ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ (128,62,32,000)

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(സർവ്വശ്രീ. എസ്. ശർമ്മ, പി. കെ. ഗുരുദാസൻ, വി. ശിവൻകുട്ടി, ബി. സത്യൻ, കെ. രാധാകൃഷ്ണൻ, കെ. സുരേഷ് കുറുപ്പ്, പി. ശ്രീരാമകൃ

ഷ്ണൻ, എ. കെ. ബാലൻ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), എം. ചന്ദ്രൻ, പ്രൊഫ. സി. രവീന്ദ്രനാഥ്, കെ. കെ. ജയചന്ദ്രൻ, സാജു പോൾ, കെ. കെ. നാരായണൻ, കെ. കുഞ്ഞമ്മത് മാസ്റ്റർ, കെ. രാജു, ജി.എസ്. ജയലാൽ, ചിറ്റയം ഗോപകുമാർ, പി. തിലോത്തമൻ, കെ. അജിത്, വി. എസ്. സുനിൽ കുമാർ, ഇ. കെ. വിജയൻ, കെ. വി. അബ്ദുൾ ഖാദർ, ബാബു എം. പാലിശ്ശേരി, വി. ചെന്താമരാക്ഷൻ, കെ. ദാസൻ, ബി. ഡി. ദേവസ്സി, സി. കൃഷ്ണൻ, പുരുഷൻ കടലുണ്ടി, എസ്. രാജേന്ദ്രൻ, ആർ. രാജേഷ്, സി. കെ. സദാശിവൻ, കെ. വി. വിജയദാസ്, ശ്രീമതിമാർ ഗീതാ ഗോപി, കെ. കെ. ലതിക, കെ. എസ്. സലീഖ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

<u>ശ്രീ. ഇ. പി. ജയരാജൻ</u> : ധനാഭ്യർത്ഥനയെ എതിർക്കുന്നു. കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷത്തിൽ വർഗ്ഗീയതയുടേയും സാമുദായിക ചിന്തയുടേയും അപകടകരമായിട്ടുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചിട്ടുള്ള ഒരു മന്ത്രിസഭയാണ് സംസ്ഥാനത്തുള്ളത്. ഈ ഗവൺമെന്റ് കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തെ ദുർബലപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രി പ്രഖ്യാപിച്ച 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി കോടിക്കണക്കിന് രൂപ പരസ്യങ്ങൾക്കായി ചെലവഴിച്ചുവെങ്കിലും ജനക്ഷേമ കരമായ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്നത് അപഹാസ്യമാണ്. ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്കൊന്നും രൂപം കൊടുക്കാതെ പരസ്യങ്ങളിലൂടെ ഇമേജ് സൃഷ്ടിക്കാനാണ് സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ് തുടക്കംകുറിച്ച ജനക്ഷേമ കരങ്ങളായ പരിപാടികൾ ഈ ഗവൺമെന്റ് ഇല്ലായ്മ ചെയ്തുകൊണ്ടിരിക്കു കയാണ്. പകർച്ചവ്യാധികൾ പിടിപെട്ട് ആളുകൾ മരണപ്പെടുമ്പോൾ

അതിനെ ലാഘവബുദ്ധിയോടെ കാണാനും സമൂഹത്തെ തെറ്റിദ്ധരിപ്പിക്കാനുമാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. കേരളം മാലിന്യമുക്തമാക്കുന്നത് സംബന്ധിച്ച ചർച്ചയിൽ പ്രതിപക്ഷ സഹകരണത്തോടെ പ്രശ്നം പരിഹരിക്കാൻ യാതൊരു നിർദ്ദേശവും ഉണ്ടായിട്ടില്ല. അധികാര ദുർവിനിയോഗം നടത്തി സഹകരണ സ്ഥാപനങ്ങൾ കൈയ്യേറുന്ന സ്ഥിതിയാണിന്നുള്ളത്. സ്വാശ്രയ മേഖലയിൽ ഫീസ് വർദ്ധിപ്പിച്ചുകൊടുത്തുകൊണ്ട് സ്വകാര്യ മാനേജ്മെന്റുകളെ പ്രോത്സാഹിപ്പിക്കുന്ന നിലപാടിനെതിരെ പ്രതിഷേധിച്ച വിദ്യാർത്ഥികളെ തല്ലിച്ചതയ്ക്കുന്ന സമീപനം ശരിയല്ല. സംസ്ഥാനത്തെ റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കഴിഞ്ഞ ഗവൺമെന്റ് 200 യൂണിറ്റ് വരെ ഒഴിവാക്കിയിരുന്ന വൈദ്യുതി സർച്ചാർജ് 120 യൂണിറ്റായി കുറച്ചുകൊണ്ട് ജനങ്ങളുടെ മേൽ അധികഭാരം അടിച്ചേൽപ്പിക്കുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന കാരണം ജനങ്ങൾ ദുരിതം അനുഭവിക്കുകയാണ്. ജുഡീഷ്യറിക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതിയാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്.

<u>ശ്രീ. കെ. മുരളീധരൻ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധിച്ചപ്പോൾ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ടിയിരുന്ന അധികനികുതി ഉപേക്ഷിച്ചുകൊണ്ട് ജനങ്ങളെ സഹായിക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. 100 ദിവസത്തെ കർമ്മ പരിപാടികൾ പ്രഖ്യാപിച്ചു. 104 ഇനങ്ങളിൽ 101 എണ്ണവും ചെയ്തുതീർക്കാൻ സാധിച്ചിട്ടുണ്ട്. മാസംതോറും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു രൂപ നിരക്കിൽ 25 കിലോ അരിയും, ദരിദ്രരിൽ ദരിദ്രരായവർക്ക് ഒരു രൂപ നിരക്കിൽ 35 കിലോ അരിയും വിതരണം നടത്തിക്കഴിഞ്ഞു. ഈ

സർക്കാർ അധികാരമേൽക്കുമ്പോൾ പെൻഡിംഗ് ഉണ്ടായിരുന്ന മൂന്ന് ലക്ഷം ഉൾപ്പെടെ ആറേകാൽ ലക്ഷം റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയാക്കാൻ സാധിച്ചു. മൂലമ്പിള്ളിയിൽ കുടിയിറക്കിയവരെ പുനരധിവസിപ്പിക്കാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു. ചെങ്ങറ സമരത്തിനും പരിഹാരം കാണാൻ ഈ ഗവൺമെന്റിന് സാധിച്ചു. 13 ജില്ലകളിലായി 19,800-ഓളം പേർക്ക് പട്ടയം നൽകി. കോഴിക്കോട് ജില്ലയിലും ഉടൻതന്നെ പട്ടയവിതരണം പൂർത്തിയാക്കാൻ സാധിക്കും. മൂന്നാറിൽ സർക്കാർ ഭൂമി കയ്യേറിയവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരികയാണ്. എൻഡോസൾഫാൻ ബാധയേറ്റ് മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ഈ ഗവൺമെന്റ് ഒരു ലക്ഷം രൂപ നൽകി സഹായിച്ചു. രോഗബാധിതരെ ചികിൽസിക്കാൻ കാസർഗോഡ് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ സ്ഥാപിക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ സഹായം തേടിയിട്ടുണ്ട്. കർഷകർക്ക് പെൻഷൻ നൽകാൻ തീരുമാനമെടുത്തതും പ്രവാസികൾക്ക് പെൻഷൻ പദ്ധതി നടപ്പാക്കാൻ തയ്യാറായതും സ്വാഗതാർഹമാണ്. സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം ആരംഭിക്കാൻ ധാരണയുണ്ടായിക്കിയിട്ടുള്ളത് അഭിനന്ദനാർഹമാണ്. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ മോണോ റെയിൽ സംവിധാനം ഏർപ്പെടുത്താനുള്ള പ്രോജക്ട് അംഗീകരിച്ചിട്ടുണ്ട്. മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി മുന്നോക്ക വികസന കോർപ്പറേഷൻ രൂപീകരിക്കാൻ സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരുമായി സഹകരിച്ച് സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ നടത്താനുള്ള ശ്രമം സ്വാഗതാർഹമാണ്.

ശ്രീ. പി. തിലോത്തമൻ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. തെരഞ്ഞെടുപ്പുകാലത്ത് നൽകിയിരുന്ന വാഗ്ദാനങ്ങൾ പാലിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. നൂറുദിവസംകൊണ്ട് നടപ്പിലാക്കുമെന്നു പറഞ്ഞിരുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ കാര്യങ്ങൾ ഈ ഗവൺമെന്റിന്റേതാണെന്ന് പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന നടപടിയാണ് സ്വീകരിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. വൈദ്യുതിച്ചാർജ്ജും ബസ് ചാർജ്ജും വർദ്ധിപ്പിച്ച് ജനജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. എല്ലാ രംഗത്തും ഈ സർക്കാർ തികഞ്ഞ പരാജയമാണ്. ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിൽ യാതൊരു മാനദണ്ഡവും പാലിക്കുന്നില്ല. പരമ്പരാഗത വ്യവസായങ്ങളെല്ലാം തകർന്നുകൊണ്ടിരിക്കുകയാണ്. മത്സ്യ മേഖലയെ പാടേ അവഗണിച്ചിരിക്കുകയാണ്. തീരദേശത്തെ ജനങ്ങൾ പട്ടിണിയിലാണ്. മത്സ്യമേഖലയിൽ കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കാൻ തയ്യാറാകണം.

ശ്രീ. കെ. എൻ. എ. ഖാദർ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. 45 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപ നിരക്കിലും 20 ലക്ഷം കുടുംബങ്ങൾക്ക് ഒരു രൂപ നിരക്കിലും അരി കൊടുക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാർ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ കേന്ദ്രമന്ത്രിമാരുടെ ശ്രദ്ധയിൽപെടുത്തുകയും സമയബന്ധിതമായി അവയ്ക്ക് പരിഹാരം കാണാൻ സാധിക്കുകയും ചെയ്തുവെന്നുള്ളത് പ്രശംസനീയമാണ്. പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ളതുപോലെ വികസന കാര്യങ്ങൾക്കായി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ സർക്കാർ

തയ്യാറാകണം. റോഡ്, വിമാനത്താവളം, തുറമുഖം, വിദ്യാഭ്യാസം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനായി വിദേശ മൂലധനം സ്വരൂപിക്കുന്നതിനോടൊപ്പം സ്വകാര്യ മൂലധനം സ്വരൂപിക്കാനും സാധിക്കണം. 20,000 കോടി രൂപയുടെ 'എമർജിംഗ് കേരള' എന്ന പദ്ധതിവഴി വിദേശ മൂലധനം സ്വീകരിച്ചുകൊണ്ട് നല്ല സംരംഭങ്ങൾക്ക് തുടക്കം കുറിക്കണം. സംസ്ഥാനത്തെ എല്ലാ അസംബ്ലി നിയോജകമണ്ഡലങ്ങളിലും താലൂക്ക് പദവിയുള്ള ആശുപത്രികൾക്ക് രൂപം നൽകണം. സത്യസന്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് പരിരക്ഷ നൽകണം.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. വിജിലൻസ് കേസ് പ്രതികളോ, വിജിലൻസ് അന്വേഷണത്തിന് വിധേയരായവരോ കുറ്റാരോപിതരോ ആയവരുൾപ്പെടുന്ന മന്ത്രിസഭയാണ് സംസ്ഥാനത്തുള്ളത്. ഗവണ്മെന്റിന്റെ നൂറുദിന കർമ്മപരിപാടി പരസ്യ പരിപാടിയായി അധ:പതിച്ചിരിക്കുന്നു. ഇടതുപക്ഷ ഗവണ്മെന്റ് നടപ്പിലാക്കി യിരുന്ന എല്ലാ പദ്ധതികളെയും ആനുകൂല്യങ്ങളെയും തകിടംമറിച്ച ഒരു ഗവണ്മെന്റാണിത്. കാസർഗോഡ് നടന്ന വർഗീയകലാപത്തെക്കുറിച്ച് അന്വേഷിക്കുന്ന ജൂഡീഷ്യൽ കമ്മീഷനെ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ പിരിച്ചു വിട്ട നടപടി അപലപനീയമാണ്. വിദ്യാർത്ഥി സമരങ്ങളെ അടിച്ചമർത്തുന്ന നടപടി ശരിയല്ല. ഈ ഗവൺമെന്റ് സ്കൂൾ മാഷിനെ വൈസ് ചാൻസലറാക്കാൻ വഴിവിട്ട ശ്രമം നടത്തുകയും കോർപ്പറേറ്റ് സ്ഥാപനങ്ങളുമായി ബന്ധമുള്ള തരുൺ ദാസിനെ പ്ലാനിംഗ് ബോർഡിൽ അംഗമാക്കുകയും ചെയ്തിരിക്കുകയാണ്.

<u>ശ്രീ. സി.എഫ്. തോമസ്:</u> ധനാഭ്യർഥനയെ അനുകൂലിക്കുന്നു. നൂറുദിനപരിപാടിയിലൂടെ എല്ലാ മേഖലകളിലും ജനക്ഷേമകരങ്ങളായ കാര്യങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നത്. സംസ്ഥാനത്ത് 70 ലക്ഷം കുടുംബ ങ്ങളുള്ളതിൽ 20 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്ക് ഒരു രൂപയ്ക്കും 45 ലക്ഷം എ.പി.എൽ. കുടുംബങ്ങൾക്ക് 2 രൂപയ്ക്കും അരി നൽകാൻ കഴിഞ്ഞു. സംസ്ഥാനത്തെ പാവപ്പെട്ട ജനങ്ങൾക്ക് 2 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തി. സ്മാർട്ട് സിറ്റി പദ്ധതി യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ആരംഭിച്ചതാണ്. 2012-ൽ 'എമർജിംഗ് കേരള' പദ്ധതി നടപ്പിലാക്കും. സേവനാവകാശ ബിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ ആരംഭിക്കാനും എല്ലാ ഓഫീസുകളിലും പൗരവകാശരേഖ പ്രാവർത്തിക മാക്കാനും സാധിച്ചു. മൂന്ന് ലക്ഷത്തിലധികം ഫയലുകൾ തീർപ്പാക്കി. സർക്കാർ സ്ക്കൂളുകൾ സംരക്ഷിക്കാൻ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:40 എന്നുള്ളത് ഒന്ന് മുതൽ അഞ്ച് വരെയുള്ള ക്ലാസ്സുകളിൽ 1:30 ആയും അഞ്ച് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ 1:35 ആയും മാറ്റി. ശമ്പളമി ല്ലാതെ ജോലി ചെയ്തിരുന്ന 13,000 അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിന് തീരുമാനമെടുത്തു. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ താല്പര്യ ങ്ങൾ സംരക്ഷിക്കപ്പെടുന്ന ഒരു ഗവൺമെന്റാണിത്.

<u>ശ്രീ. എ.എ.അസീസ്</u> : ധനാഭ്യർത്ഥനയെ എതിർക്കുന്നു. 100 ദിവസം കൊണ്ട് 101 പദ്ധതികൾ നടപ്പിലാക്കിയെന്നുള്ളത് വെറും പ്രഖ്യാപനങ്ങൾ മാത്രമാണ്. ക്ഷേമപെൻഷനുകൾ കഴിഞ്ഞ ഗവൺമെന്റും 400 രൂപയാക്കി വർദ്ധിപ്പിച്ചിരുന്നുവെങ്കിലും ഈ ഓണക്കാലത്ത് ഈ ഗവൺമെന്റ് തുക നൽകിയില്ല. 32 ലക്ഷം പേർക്ക് ഒരു രൂപയുടെ അരി കൊടുക്കുമെന്ന് ഭക്ഷ്യ

വകുപ്പുമന്ത്രി കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പറഞ്ഞുവെങ്കിലും 15 ലക്ഷം പേർക്ക് മാത്രമാണ് നൽകിയത്. എൽ.ഡി.എഫ്. ഗവൺമെന്റ് തുടക്കം കുറിച്ച പദ്ധതികളാണ് യു.ഡി.എഫ്. ഗവൺമെന്റിന്റേതാക്കാൻ ശ്രമിക്കുന്നത്. ചെങ്ങറ സമരം അവസാനിപ്പിക്കാൻ തുടക്കം കുറിച്ചതും സ്മാർട്ട് സിറ്റി പദ്ധതി ആരംഭിച്ചതും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അന്യ സംസ്ഥാന തൊഴിലാളികൾക്ക് വെൽഫെയർ സ്കീം ഉണ്ടാക്കിയതും പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് രൂപീകരിക്കാൻ ഒരു കമ്മീഷനെ വയ്ക്കാൻ തീരുമാനിച്ചതും സച്ചാർ കമ്മീഷൻ റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പിലാക്കിയതും എൽ.ഡി.എഫ്. ഗവൺമെന്റാണ്. മതന്യൂനപക്ഷങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയാത്ത ഗവൺമെന്റാണിത്.

ശ്രീ. സണ്ണി ജോസഫ് : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കഴിഞ്ഞ നാല് മാസമായി ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങളുമായാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. ഒരു രൂപയ്ക്ക് അരി നൽകുമെന്ന വാഗ്ദാനം യു.ഡി.എഫ്. ഗവൺമെന്റ് പ്രാവർത്തികമാക്കി. നാല് മാസം കൊണ്ട് മുലമ്പിള്ളിയിലെയും ചെങ്ങറയിലെയും പ്രശ്നങ്ങൾക്ക് പരിഹാര മുണ്ടാക്കാൻ കഴിഞ്ഞു. മൂന്നാറിലെ കൈയ്യേറ്റം തടയുന്നതിന് നടപടി സ്വീകരിച്ചു, സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിച്ചുവരുന്നു. തികച്ചും സുതാര്യമായ ഭരണമാണ് ഗവൺമെന്റ് കാഴ്ചവയ്ക്കുന്നത്. കേന്ദ്ര സർക്കാരുമായി സഹകരിച്ച് കേരളത്തിന്റെ വികസന ആവശ്യങ്ങൾ നേടിയെ ടുക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. വ്യക്തമായ ദിശാബോധത്തോടുകൂടി കർമ്മനിരതരായി ടീം വർക്കോടുകൂടി മുന്നോട്ടു പോകുന്ന സർക്കാർ അഭിനന്ദനാർഹമായ ഭരണമാണ് കാഴ്ചവയ്ക്കുന്നത്.

സഹകരണ മേഖലയിൽ ജനാധിപത്യം പുന:സ്ഥാപിക്കാനുള്ള പരിശ്രമം സ്വാഗതാർഹമാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കോർപ്പറേറ്റ് ആസൂത്രണം കേരളത്തിലേക്ക് കൊണ്ടുവരുന്നത് ഏത് മേഖല കളെ പരിപോഷിപ്പിക്കുവാനാണ് എന്ന് വ്യക്തമാക്കണം. കഴിഞ്ഞ ഗവൺമെന്റ് വിഭാവനം ചെയ്ത പദ്ധതികൾ ഓരോന്നായി അട്ടിമറിക്കപ്പെ ടുന്നു. ജനസമ്പർക്ക പരിപാടിയും ഫയൽ തീർപ്പാക്കൽ പദ്ധതിയും ജന ങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള വിദ്യയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 20000 ആളുകൾക്ക് പട്ടയം നൽകി. നിലവി ലുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ ജീവനക്കാരെ സ്ഥലം മാറ്റുന്നത് അപഹാസ്യമാണ്. കേരളത്തിലെ സ്വാശ്രയ കോളേജ് ഉടമകളുമായുണ്ടാ ക്കിയ രഹസ്യ ധാരണയുടെ അടിസ്ഥാനത്തിൽ സ്റ്റാറ്റസ്കോ മെയിന്റെയിൻ ചെയ്യാൻ അനുവാദം കൊടുത്ത ഗവൺമെന്റാണിത്. പെൻഷൻ പ്രായം ഉയർത്തുന്നതു സംബന്ധിച്ച് ഗവൺമെന്റിന്റെ നയം വ്യക്തമാക്കണം. ഒരു ലക്ഷം ചെറുപ്പക്കാർക്ക് കാർഷികമേഖലയിൽ തൊഴിലവസരങ്ങൾ നൽകു മെന്ന 1991-ലെ യു.ഡി.എഫ്. സർക്കാരിന്റെ വാഗ്ദാനം നടപ്പിലാക്കപ്പെട്ടില്ല. ഇന്നുള്ള പല പദ്ധതികളും സാധാരണക്കാരായ യുവജനങ്ങൾക്ക് ഉപകാരപ്ര ദമാകുന്നില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ആളുകൾക്ക് തൊഴില വസരങ്ങൾ ലഭ്യമാക്കുന്നതിന് സഹായകരമായ നിലപാട് സ്വീകരിക്കുന്നതിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. പുതിയ പൊതുമേഖലാ സ്ഥാപന ങ്ങൾ ആരംഭിക്കുന്നതിനുള്ള മുൻ ഗവൺമെന്റിന്റെ നിർദ്ദേശങ്ങളും റോഡ് വികസന പദ്ധതികളും അട്ടിമറിക്കുകയാണ്. നിയമവ്യവസ്ഥയെ വെല്ലുവിളി ക്കുന്ന ഗവൺമെന്റാണിത്.

<u>ശ്രീ. പി. ഉബൈദുള്ള:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കൂട്ടുത്തരവാദിത്വമുള്ള ഒരു ഗവൺമെന്റാണ് ഇവിടെ ഭരിക്കുന്നത്. മുഖ്യമന്ത്രിയുടെ ഓഫീസ് 24 മണിക്കൂറും പ്രവർത്തിക്കുകയും അവിടെ നടക്കുന്ന കാര്യങ്ങൾ ഇപ്പോൾ വെബ്സൈറ്റിലൂടെ സംപ്രേഷണം ചെയ്യുകയും ചെയ്യുന്നതുകൊണ്ട് അന്തർദ്ദേശീയ തലത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കപ്പെടുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ബി.പി.എൽ .കാർക്ക് ഓണത്തിനുമുമ്പ് ഒരു രൂപ നിരക്കിൽ 25 കിലോ അരിവീതം കൊടുക്കാൻ കഴിഞ്ഞു. അപേക്ഷിക്കുന്ന അന്നുതന്നെ റേഷൻ കാർഡ് കൊടുക്കുന്നതിനും നിശ്ചിത സമയത്തിനകം ഫയലുകളിൻമേൽ തീരുമാനമെടുക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടി വ്യവസ്ഥ ചെയ്യുന്ന സേവനാവകാശ നിയമം കൊണ്ടുവരാനും നടപടി സ്വീകരിച്ചു. മുൻ സർക്കാരിന്റെ കാലത്ത് കോടിക്കണക്കിന് രൂപയുടെ കേന്ദ്ര സഹായം ലാപ്സാക്കിയെങ്കിൽ ചുരുങ്ങിയ കാലയളവിനുള്ളിൽ ആയിരത്തോളം കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര അംഗീകാരം നേടിയെടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. സാമൂഹ്യ നീതി ഉറപ്പാക്കി മുന്നോട്ട് പോകുന്ന ഈ സർക്കാർ പിന്നോക്ക വിഭാഗ കോർപ്പറേഷനും മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുവേണ്ടിയുള്ള കോർപ്പറേഷനും രൂപീകരിച്ചു. ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. ദുർബല ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനായി കൂടുതൽ സാമൂഹ്യക്ഷേമ പദ്ധതികൾക്ക് രൂപം നൽകണം. വീടില്ലാത്തവർക്ക് വീട് നൽകുന്നതിന് പുതിയ ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിക്കണം. വിമാനക്കമ്പനികളുടെ നിയന്ത്രണം കേന്ദ്ര സർക്കാർ ഏറ്റെടുത്തുകൊണ്ട് ഇടയ്ക്കിടെയുണ്ടാകുന്ന ചാർജ്

വർദ്ധനവിൽനിന്നും പ്രവാസി മലയാളികളെ രക്ഷിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

ശ്രീ.സി.പി.മുഹമ്മദ് : ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു. നൂറുദിന പരിപാടിയിലൂടെ വിദേശ മാധ്യമങ്ങളുടെ പ്രശംസ പിടിച്ചുപറ്റാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ജനപക്ഷ വികസനത്തിൽ ഊന്നൽ നൽകിക്കൊണ്ടുള്ള മാറ്റങ്ങളാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ജനക്ഷേമകരമായ വിവിധ പദ്ധതികളാണ് നൂറുദിന കർമ്മ പരിപാടിയിൽ ഈ സർക്കാർ ആരംഭിച്ചിട്ടുള്ളത്. സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കണം. സി.ആന്റ്.എ.ജി.യുടെ റിപ്പോർട്ട് പ്രകാരം കഴിഞ്ഞ സർക്കാർ അഞ്ചുവർഷംകൊണ്ട് കേന്ദ്ര സർക്കാരിൽനിന്നുള്ള 1230 കോടി രൂപയുടെയും 12-ാം ധനകാര്യ കമ്മീഷൻ ശുപാർശയനുസരിച്ചുള്ള 416.17 കോടി രൂപയുടെയും സഹായവും 812 കോടി രൂപയുടെ കടാശ്വാസ ധനസഹായവും നഷ്ടപ്പെടുത്തി. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ 50 ശതമാനം ഫണ്ട് വിനിയോഗിക്കുവാൻ കഴിഞ്ഞ സർക്കാരിന് കഴിഞ്ഞിട്ടില്ല. മുഖ്യമന്ത്രിക്കെതിരെ ആരോപണങ്ങളുമായി രംഗത്തുവന്ന് പ്രതിപക്ഷം ഇപ്പോൾ അപഹാസ്യരായി മാറിയിരിക്കുകയാണ്. പാവപ്പെട്ട ജനവിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ടുള്ള മികവുറ്റ ഭരണമാണ് ഈ സർക്കാർ കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. ജി. സുധാകരൻ : ധനാഭ്യർത്ഥനയെ എതിർക്കുന്നു. യു.ഡി.എഫ്. സർക്കാരിന്റെ ഭരണം അങ്ങേയറ്റം മോശമാണെന്ന് പറയാതിരിക്കാനാവില്ല. സർക്കാരിന്റെ 100 ദിന പരിപാടിയിൽ കൂടുതലും കഴിഞ്ഞ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ ആവർത്തനങ്ങളാണ്. എൽ.ഡി.എഫ്. ഭരണകാലത്ത്

വരുമാനത്തിന്റെ 60 ശതമാനം വികസനത്തിനുവേണ്ടി ചെലവഴിച്ചപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് 40 ശതമാനം മാത്രമേ ചെലവഴിച്ചുള്ളൂ. 1460 കോടി രൂപ ട്രഷറി നിക്ഷേപമുണ്ടാക്കാൻ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചു. നേരിയ ഭൂരിപക്ഷം മാത്രമുള്ള ഈ സർക്കാരിന്റെ മന്ത്രിസഭയിലെ അംഗങ്ങളുടെ incompetence മറച്ചുവയ്ക്കാനുള്ള നീക്കങ്ങളാണ് മുഖ്യമന്ത്രി നടത്തുന്നത്. ബ്യൂറോക്രസിയെ ശക്തിപ്പെടുത്തുന്ന സമീപനമാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിക്കുന്നത്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വികസനമുന്നേറ്റമാണ് ഈ സർക്കാരിന്റെ മുഖമുദ്രയെന്ന് 100 ദിവസത്തെ ഭരണത്തിലൂടെ തെളിയിച്ചിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ അഞ്ച് വർഷത്തെ ഭരണംകൊണ്ട് സാധ്യമാകാതിരുന്ന കാര്യങ്ങൾ 100 ദിനംകൊണ്ട് ചെയ്തുതീർക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് അഭിമാനകരമായ നേട്ടമാണ്. സർക്കാർ ഉദ്യോഗസ്ഥരുടെ സേവനം പൗരൻമാർക്ക് അവകാശപ്പെട്ടതാണെന്ന് പ്രഖ്യാപിക്കാനുള്ള ആർജ്ജവം മുഖ്യമന്ത്രി കാണിച്ചിരിക്കുകയാണ്. കേന്ദ്ര ആസൂത്രണ കമ്മീഷനിൽനിന്നും 12,010 കോടി രൂപയുടെ വാർഷിക പദ്ധതി അടങ്കൽ നേടിയെടുക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. ഒരു രൂപയ്ക്ക് അരി പദ്ധതി യാഥാർത്ഥ്യമാക്കിയതിലൂടെ പാവപ്പെട്ടവരോടുള്ള ഈ ഗവൺമെന്റിന്റെ പ്രതിബദ്ധതയാണ് വ്യക്തമാകുന്നത്. 10503 അധ്യാപകർക്ക് ജോലിസ്ഥിരതയും ശമ്പളവും ഉറപ്പാക്കുകയും 2920 എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് ശമ്പളം നൽകുകയും കൂടുതൽ ഹയർ സെക്കന്ററി സീറ്റുകൾ അനുവദിക്കുകയും ചെയ്തതുവഴി അത്ഭുതകരമായ

മാറ്റങ്ങളാണ് വിദ്യാഭ്യാസ രംഗത്തുണ്ടാക്കിയിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പിന്നോക്കക്ഷേമ വകുപ്പും പിന്നോക്ക ധനകാര്യ കമ്മീഷനും രൂപീകരിക്കാൻ സാധിച്ചു. ഐ.റ്റി. സിറ്റി യുടെ പേരിൽ പരിസ്ഥിതി വകുപ്പിന്റെ അനുമതിയില്ലാതെ അമ്പലപ്പുഴ ഗാന്ധിസ്മൃതി വനത്തിൽ പണം ചെലവഴിച്ചതുസംബന്ധിച്ച് പരിശോധി ക്കേണ്ടതാണ്. വിഴിഞ്ഞം പദ്ധതിയും സ്മാർട്ട് സിറ്റിയും സംസ്ഥാനത്ത് യാഥാർത്ഥ്യമാകാൻ പോവുകയാണ്. നൂറു ദിന കർമ്മ പരിപാടിയിലൂടെ എല്ലാ രംഗത്തും വികസനം എത്തിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ന്യൂനപക്ഷക്കാരുടെയും പിന്നോക്ക-പട്ടികവിഭാഗക്കാരുടെയും കാര്യത്തിലും അട്ടപ്പാടി പ്രശ്നത്തിലും ഫലപ്രദമായി ഇടപെടാൻ ഈ ഗവൺമെന്റിന് സാധിച്ചു. പകർച്ചപ്പനി നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചുകൊണ്ടിരി ക്കുകയാണ്. മുഖ്യമന്ത്രിയുടെ ഓഫീസ് മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്.

<u>ശ്രീ. ഇ.കെ. വിജയൻ</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജനാധിപത്യ അവകാശങ്ങൾ ധ്വംസിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ബോർഡുകളും കോർപ്പറേഷനുകളും പുന:സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ജുഡിഷ്യറിയെ വെല്ലുവളിക്കുന്ന തരത്തിലേക്ക് ഈ ഗവൺമെന്റ് എത്തിയിരിക്കുകയാണ്. ഹൈക്കോടതി സംസ്ഥാന പോലീസിനെ വിമർശിക്കുന്ന സാഹചര്യമുണ്ടായി. പോലീസിനെ നിലയ്ക്കുനിർത്തുവാൻ ഈ ഗവൺമെന്റിന് കഴിയണം. നൂറ് ദിനപരിപാടിയുടെ നേട്ടങ്ങൾ ചൂണ്ടിക്കാണി ക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഗവൺമെന്റ് പൂർത്തീകരിച്ച പദ്ധതികൾ ഉദ്ഘാടനം ചെയ്യുന്നതിനപ്പുറം കേരളത്തിന്റെ വികസന രംഗത്ത്

ഈ ഗവൺമെന്റിന് ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന പത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിരിക്കുകയാണ്. സ്ക്കൂൾ കുട്ടികൾക്ക് ഈ വർഷം ഓണത്തിനും ബക്രീദിനും സൗജന്യ അരി വിതരണം ചെയ്തില്ല. അസംഘടിത മേഖലയിലെ സ്ത്രീകളുടെ പ്രസവാനുകൂല്യം നിർത്തുകയും ആശാ വർക്കർമാരുടെ പ്രതിഫലം നൽകാതിരിക്കുകയും കുടുംബശ്രീയുടെ ഗ്രാന്റ് വെട്ടിക്കുറയ്ക്കുകയും പിറന്നുവീഴുന്ന കുട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി റദ്ദാക്കുകയും ചെയ്ത ഒരു ഗവൺമെന്റാണിത്. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് പദ്ധതി ആവിഷ്ക്കരിക്കണം.

<u>ശ്രീ. പാലോട് രവി:</u> ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു. 2006-മുതൽ 2011-വരെ അധികാരത്തിലിരുന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണത്തിന്റെ വിലയിരുത്തലാണ് 2011-ലെ തെരഞ്ഞെടുപ്പുഫലം. അതിവേഗം വികസിക്കേണ്ട സംസ്ഥാനത്തിന്റെ ഭരണരംഗം നിശ്ചലമാക്കിയ ഒട്ടനവധി സംഭവങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിട്ടുണ്ട്. സമസ്ത മേഖലയുടെയും മനോവീര്യം കെടുത്തിയും ഭരണഘടനയ്ക്കതീതമായും സ്വന്തം ആവശ്യങ്ങൾക്കു വേണ്ടി മാത്രമായുള്ള പഞ്ചവൽസര ഭരണത്തിന് നേതൃത്വം കൊടുത്തവരാണ് രണ്ട് മാസം പോലും തികയാത്ത യു.ഡി.എഫ്. ഗവൺമെന്റിനെതിരെ ആരോപണമുന്നയിക്കുന്നത്. സിവിൽ സർവ്വീസിനെ ശക്തിപ്പെടുത്തണം. പ്രതിപക്ഷവുമായി ആലോചിച്ച് സുതാര്യവും അഴിമതി വിമുക്തവുമായ നയം സ്വീകരിക്കണം. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, സ്മാർട്ട് സിറ്റി, കണ്ണൂർ വിമാനത്താവളം, മെട്രോ റെയിൽ തുടങ്ങിയ പദ്ധതികൾക്ക് മൂന്നുമാസങ്ങൾക്കുള്ളിൽ തുടക്കമിടാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഭരണസംവിധാനത്തിന് ഒരു പുന:സംഘടന അത്യന്താപേക്ഷിതമാ

ണ്. ഭരണപരിഷ്ക്കാര കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കണം. സ്ഥിരം അഴിമതിക്കാരായ ഉദ്യോഗസ്ഥരെ നിർബന്ധിത പെൻഷൻ നൽകി പിരിച്ചുവിടുകയും സ്ഥലംമാറ്റങ്ങൾക്ക് പൊതു മാനദണ്ഡം നിശ്ചയിക്കുകയും വേണം. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന അഴിമതിക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കണം. മലബാർ സിമന്റ്സുമായി ബന്ധപ്പെട്ട അഴിമതി സി.ബി.ഐ.യെ കൊണ്ട് അന്വേഷിപ്പിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഐസ്ക്രീം കേസിന്റെ തുടരന്വേഷണം ഹൈക്കോടതിയുടെ നിരീക്ഷണത്തിലായിരിക്കണമെന്നും അത് മൂന്നുമാസത്തിനകം പൂർത്തിയാക്കണമെന്നുമുള്ള ഉത്തരവ് പ്രസക്തമാണ്. മലബാർ സിമന്റ്സ് കേസും പാമോലിൻ കേസും അട്ടിമറിക്കാൻ സർക്കാർ ശ്രമിക്കുകയാണ്. അഴിമതി ഭരണമാണ് കേന്ദ്ര സർക്കാർ കാഴ്ചവയ്ക്കുന്നത്. കേരളത്തിന്റെ സ്ഥിതിയും ഒട്ടും വ്യത്യസ്തമല്ല. സംസ്ഥാനത്ത് 100 ദിവസംകൊണ്ട് 101 കാര്യങ്ങൾ നടപ്പിലാക്കി എന്ന് ആത്മപ്രശംസ നടത്തുന്നതിനുപകരം അത് നടപ്പിലാക്കാനാണ് സർക്കാർ ശ്രമിക്കേണ്ടത്. കഴിഞ്ഞ സർക്കാർ നടത്തിയ വികസനപ്രവർത്തനങ്ങളെ മോടിപിടിപ്പിച്ചുകാണിച്ച് 101 ദിവസത്തെ മേന്മയും നേട്ടവുമാണെന്ന് പറയുന്നത് ന്യായീകരിക്കാവുന്നതല്ല. സംസ്ഥാനത്ത ധാരാളം ആളുകൾ വിവിധതരത്തിലുള്ള രോഗങ്ങൾ പിടിപെട്ട് മരണമടഞ്ഞ സാഹചര്യത്തിൽ അവരെ രക്ഷിക്കാൻ കഴിയാത്ത സർക്കാർ 101 കാര്യങ്ങൾ നടപ്പിലാക്കിയെന്ന് പറയുന്നത് ജനങ്ങൾ വിശ്വസിക്കുകയില്ല. ആത്മപ്രശംസ ഒഴിവാക്കി ന്യായമായ രീതിയിൽ ഭരണം മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ധനാഭ്യർത്ഥനയിന്മേൽ നടന്ന ചർച്ചയിൽ പ്രതിപക്ഷം രൂക്ഷമായ വിമർശനങ്ങൾ ഉന്നയിച്ചിട്ടുണ്ടെങ്കിലും ഒരു നിർദ്ദേശം പോലും വയ്ക്കാൻ തയ്യാറായിട്ടില്ല. പകർച്ചപ്പനി നിയന്ത്രിക്കുന്നതിന് യുക്തമായ തീരുമാനമെടുക്കുന്നതിന് തയ്യാറായ ഗവണ്മെന്റിന്റെ നിലപാടിനെ വിമർശിക്കുന്നത് വേദനാജനകമാണ്. നൂറുദിന കർമ്മപരിപാടിയിലൂടെ ലക്ഷ്യമിട്ടത് ഗവണ്മെന്റിന്റെ പ്രവർത്തനം ഏത് ദിശയിലൂടെയാണ് നീങ്ങുന്നതെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താനാണ്. കൂട്ടുത്തരവാദിത്വത്തോടുകൂടി ഗവണ്മെന്റ് മുന്നോട്ടുപോകുന്നു എന്നതാണ് എറ്റവും വലിയ നേട്ടമായിട്ടുള്ളത്. മൂലമ്പിള്ളി, ചെങ്ങറ തുടങ്ങിയ പ്രശ്നങ്ങൾ ഒത്തുതീർപ്പാക്കി. മൂന്നാർ പ്രശ്നത്തിൽ പ്രായോഗികമായ സമീപനം സ്വീകരിച്ചു. സ്മാർട്ട് സിറ്റി, മെട്രോ റെയിൽ, വിഴിഞ്ഞം തുടങ്ങിയ പദ്ധതികളെല്ലാം മുൻ യു.ഡി.എഫ്. ഗവണ്മെന്റാണ് കൊണ്ടുവന്നത്. എച്ച്.എം.ടി.-യുടെ പ്രശ്നവും സിയാലും ഹഡ്കോയും തമ്മിലുള്ള പ്രശ്നവും രമ്യമായി പരിഹരിച്ചു. പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറിക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത സ്ഥലം ലീസ് റെന്റിന് നൽകാനുള്ള സംസ്ഥാനത്തിന്റെ ബുദ്ധിമുട്ടുകൾ റെയിൽവേ അധികാരികളെ ബോദ്ധ്യപ്പെടുത്തുകയും ആ സ്ഥലം സംസ്ഥാനത്തിന്റെ ഇക്വിറ്റിയായി കണക്കാക്കണമെന്നുള്ള അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ കോച്ച് ഫാക്ടറിക്ക് തറക്കല്ലിടാൻ തീരുമാനമാവുകയും ചെയ്തു. കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് കൂടുതൽ ഫണ്ട് ലഭിക്കുന്നത് റൂറൽ ഡെവലപ്മെന്റിനാണ്. സംസ്ഥാനത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് കേന്ദ്രത്തിന്റെ നിബന്ധനകൾ പാലിക്കാൻ ബുദ്ധിമുട്ടായതിനാൽ അതിൽ മാറ്റം വരുത്താൻ തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഫണ്ട് ധാരാളം വിനിയോഗിക്കുന്നതിന് അനുകൂലമായ ഒരു

സാഹചര്യം ഉണ്ടായിട്ടുണ്ട്. ഡിഫൻസ് ഡിപ്പാർട്ടുമെന്റിൽ നിന്ന് ആറ് യൂണിറ്റ് കേരളത്തിന് നേടിയെടുക്കാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ജനങ്ങൾ വിലയിരുത്തുന്നത് ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളുടെ അടിസ്ഥാനത്തിലാണ്. യു.ഡി.എ ഫ്. അധികാരത്തിൽ വന്ന് മൂന്ന് മാസത്തിനുള്ളിൽ ഒരു രൂപയ്ക്ക് അരി കൊടുക്കാൻ കഴിഞ്ഞു എന്നത് എടുത്തുപറയത്തക്ക നേട്ടമാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സെപ്റ്റംബർ മാസം ഒന്നാം തീയതി മുതൽ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന 14.60 ലക്ഷം പേർക്കും എ.എ.വൈ.വിഭാഗത്തിൽപ്പെ ടുന്ന 5.96 ലക്ഷം പേർക്കും ഒരു രൂപ നിരക്കിൽ യഥാക്രമം 25 കിലോയും 35 കിലോയും വീതം അരി കൊടുത്തു. രണ്ട് രൂപ നിരക്കിൽ എ.പി.എൽ. വിഭാഗത്തിൽപ്പെടുന്ന 42.80 ലക്ഷം ആളുകൾക്കും അരി കൊടുത്തുകൊണ്ടിരി ക്കുന്നു.

ശ്രീ. ഉമ്മൻചാണ്ടി : കേന്ദ്ര ഗവൺമെന്റ് പെട്രോളിന്റെ വില രണ്ട് പ്രാവശ്യവും ഡീസലിന്റെ വില ഒരു പ്രാവശ്യവും വർദ്ധിപ്പിച്ചതുവഴി സംസ്ഥാന ഗവൺമെന്റ് നാല് മാസത്തിനുള്ളിൽ 405 കോടി രൂപയുടെ അധിക വരുമാനമാണ് ജനങ്ങൾക്കുവേണ്ടി വേണ്ടെന്നുവച്ചത്. ജനങ്ങളുടെ പ്രതീക്ഷയ്ക്ക് ഒപ്പമാണ് ഈ ഗവൺമെന്റ് നിൽക്കുന്നത്. 120 യൂണിറ്റ് വരെയുള്ള ഉപഭോക്താക്കളെ ഇലക്ട്രിസിറ്റി സർചാർജിൽനിന്നും ഒഴിവാക്കി യിട്ടുണ്ട്. നൂറുദിന പരിപാടിയിലൂടെ ഗവൺമെന്റിന്റെ പ്രവർത്തനം ജനങ്ങ ളുടെ മുന്നിൽ തുറന്നുകാട്ടാൻ കഴിഞ്ഞതിൽ സംതൃപ്തിയുണ്ട്. പൂർണ്ണമായും പ്രതിപക്ഷ സഹകരണത്തോടുകൂടി കാര്യങ്ങൾ നടപ്പാക്കാനാണ് ഗവൺമെന്റ്

ആഗ്രഹിക്കുന്നത്. ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന പദ്ധതി ഉടനെ പ്രഖ്യാപിക്കുന്നതാണ്. മാലിന്യ വിമുക്ത കേരളം പരിപാടി അടുത്ത വർഷത്തെ ഏറ്റവും പ്രധാനപ്പെട്ട പരിപാടിയായിരിക്കും. സേവനാവകാശ നിയമത്തിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ട്. നിയമസഭാ സമ്മേളനം കഴി ഞ്ഞാലുടൻ സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാക്കാനായി വിശദമായി ചർച്ച ചെയ്യുന്നതിന് ശ്രീ. എം. എ. ബേബി ഉൾപ്പെടെയുള്ളവരുടെ സഹകരണം അഭ്യർത്ഥിക്കുകയാണ്. ഉന്നത സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് മുന്നോട്ടുപോകാനുള്ള സാഹചര്യം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. കേരളത്തിന്റെ സാധ്യതകളും അവസര ങ്ങളും ലോകത്തിനുമുന്നിൽ അവതരിപ്പിക്കുന്നതിനുള്ള എമർജിംഗ് കേരള-2012 വിജയിപ്പിക്കാൻ എല്ലാവരുടേയും സഹകരണം അഭ്യർത്ഥി ക്കുന്നു. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും ജന ങ്ങളുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുംവേണ്ടി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ മുന്നോട്ടു പോകണം. യുവജനങ്ങളെകൂടി വിശ്വാസത്തി ലെടുക്കാതെ പെൻഷൻ പ്രായം ഉയർത്തുന്ന കാര്യത്തിൽ ഒരു തീരുമാനവും ഗവൺമെന്റ് എടുക്കുകയില്ല. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥന 67-നെതിരെ 72 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.04-ന് പിരിഞ്ഞു.